കരകൗശല കോർപ്പറേഷൻ എന്നിവയുമായി വ്യാപാര പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ഈ മേഖലകളിലെ ഉത്പന്ന വിപണനത്തിന് സഹായിച്ചു തൊഴിൽ വകുപ്പുമായി ചേർന്ന് ചവറയിൽ നടത്തിയ കരകൗശല വിപണനമേള വൈക്കോൽ ചിത്ര നിർമ്മാണ ശില്പശാല എന്നിവ കരകൗശല ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായകമായി. ഷോപ്പിംഗ് മാളുകളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെയും സ്ഥിരം വിപണനത്തിന് (നാട്ടുവിപണി) തുടക്കം കുറിച്ചു.

(ഡി) കെ.റ്റി.ഡി.സി, കരകൗശല ഷോപ്പുകൾ, ഹോട്ടലുകൾ, എന്നിവയിലൂടെയും വിൽപ്പന നികുതി തിരികെ നൽകുന്ന പദ്ധതിയിലൂടെയും വിനോദ സഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയതു കാരണം കൂടുതൽ വിനോദസഞ്ചാരികൾ ഈ കാലയളവിൽ സംസ്ഥാനം സന്ദർശിക്കുന്നതിനും സന്ദർശിച്ച വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷണീയമായും തൃപ്തികരമായും കേരളത്തിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

ബേക്കൽ കൾച്ചറൽ സെന്റർ

318 (1016) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ കൾച്ചറൽ സെന്ററിന് തറക്കല്ലിടൽ നടത്തിയതെന്നാണ്; വിശദമാക്കാമോ ;

(ബി) തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചതിനുശേഷം ഇതുവരെയായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബേക്കൽ കൾച്ചറൽ സെന്ററിന് 2011 ജൂലൈ 29 നാണ് തറക്കല്ലിട്ടത്.

(ബി&സി) ബേക്കലിൽ പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിൽ തച്ചങ്ങാട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചു ഇതിനായി 90 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽനിന്നും 6-4-2013-ലെ ജി.ഒ.(എം.എസ്.) നം.125/2013/റവ സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം വകുപ്പിന് ഉപയോകാനുമതി ലഭിച്ചു. കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി 4,43,75,227 രൂപയുടെ ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്കായി അനുവദിച്ച 4,43,75,227 രൂപയിൽ ആദ്യ ഗഡുവായി 150 ലക്ഷം രൂപയും രണ്ടാം ഗഡുവായി 50 ലക്ഷം രൂപയും ഇതിനകം ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനായുള്ള ഡിസൈനും ഡ്രോയിംഗും ആർക്കിടെക്ചറൽ സി-എർത്ത്, കോഴിക്കോട് മുഖേന ഉണ്ടാക്കുകയും നിർമ്മാണ പ്രവർത്തി ടെണ്ടർ ചെയ്യുന്നതിനായി കൺസൾട്ടന്റായ കിറ്റ്കോ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 27-6-2014-ന് ടെണ്ടർ ക്ഷണിക്കുകയും കരാറുകാരെ ലഭിക്കാത്തതുമൂലം ടെണ്ടർ കാലാവധി നീട്ടുകയും ഈ കാലാവധിയിൽ ഒരു ടെണ്ടർ മാത്രം ലഭിക്കുകയുമാണ് ഉണ്ടായത്. ഇടർന്ന് 19-11-2014-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചെങ്കിലും അടങ്കൽ തുകയുടെ 7.33% കൂടുതൽ തുക മുദ്രണം ചെയ്ത ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിരുന്നത്. ആയതിനാൽ വീണ്ടും ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ച് റീ-ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു.

മണിയാർ ടൂറിസം പദ്ധതി ഒന്നാം ഘട്ട പണികൾ

319 (1017) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചത് ; എന്തൊക്കെ പണികളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത് ;

(ബി) ഒന്നാംഘട്ട പണികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ഏതുഘട്ടം വരെയായി ;

(സി) എന്നാണ് ഒന്നാംഘട്ട പണികൾക്ക് തുക അനുവദിച്ചത് ; ഒന്നാംഘട്ട പണികൾ പൂർത്തിയായിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; പണികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ;

(ഡി) രണ്ടാംഘട്ട പണികൾ എന്ന് ആരംഭിക്കും ; എന്തൊക്കെ പണികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; എത്ര തുക ഇതിന് അനുവദിച്ചു ?

<u>ഉത്തരം</u>

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതികൾക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത പദ്ധതിയിൽ പാർക്കിന്റെ നവീകരണം, ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly